പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3569 — 25.06.2013 ൽ മറുപടിക്ക്

# ബൈതരണിയിൽ വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും വൈദ്യുതി.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) ബൈതരണിയിൽ വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും അനുവദിച്ച കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) ബൈതരണി വെസ്റ്റ് കൽക്കരിപ്പാടം 25/07/2007-ലാണ് കേരളം, ഒഡിഷാ ഗുജറാത്ത് സംസ്ഥാനങ്ങൾക്ക് സംയുക്തമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. നിബന്ധനകളനുസരിച്ച് കൽക്കരിപ്പാടം വികസിപ്പിക്കുന്നതിനും, ഖനനം നടത്തുന്നതിനുമായി മൂന്നു സംസ്ഥാനങ്ങളും ചേർന്ന് BWCCL എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. മൈനിംഗ് പ്ലാൻ തയ്യാറാക്കൽ , പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കൽ, ഭൂമി അനുവദിച്ചു കിട്ടൽ തുടങ്ങി പദ്ധതി നടത്തിപ്പിനാവശ്യമായ വിവിധ നടപടികൾ BWCCL എടുത്തു വരികയായിരുന്നു.<br>എന്നാൽ പദ്ധതി നടത്തിപ്പിലെ കാലതാമസം ചൂണ്ടിക്കാട്ടി 10/12/2012- ലെ ഉത്തരവു പ്രകാരം ബൈതരണി കൽക്കരിപ്പാടം കേന്ദ്ര സർക്കാർ ഡീ-അലോക്കേറ്റ് ചെയ്തു. ഇതിനെതിരെ കെ.എസ്.ഇ.ബിയും സംസ്ഥാന സർക്കാരും കേന്ദ്രത്തിന് പരാതി സമർപ്പിച്ചിട്ടുണ്ട്. |

(.....2)

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതു വഴി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഉദ്ദേശം 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ കൽക്കരിയാണ് ബൈതരണിയിൽ നിന്നും കേരളത്തിന് അനുവദിച്ചിരുന്നത്.

(സി) ഇതിനായി കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം ഏതെല്ലാം സർക്കാരുമായി ചേർന്നാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) യും (ഡി) യും

ബൈതരണിയിൽ നിന്നും ലഭ്യമാകുന്ന കൽക്കരി ഉപയോഗിച്ച് ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പിസിയുമായി കേരള സർക്കാരും, കെ.എസ്.ഇ.ബിയും ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ആന്ധ്രാപ്രദേശിലെ രാമഗുണ്ടത്ത് എൻ.റ്റി.പി.സിയുടെ നിലവിലുള്ള വൈദ്യുതി നിലയത്തോടു ചേർന്നോ, അല്ലെങ്കിൽ മറ്റേതെങ്കിലും നിലയത്തോടു ചേർന്നോ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ കേന്ദ്ര വൈദ്യുതി മന്ത്രാലയം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി വിവിധ വശങ്ങൾ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ